IT

# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3216 | 24.06.2013-ൽ മറുപടിയ്ക്ക്

### ഒരു വർഷത്തെ കർമ്മപരിപാടി

| | **ചോദ്യം**<br>ഡോ. ടി. എം. തോമസ് ഐസക് | | **ഉത്തരം**<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | സർക്കാർ പ്രഖ്യാപിച്ച ഒരു വർഷത്തെ കർമ്മ പരിപാടികളിൽ നടപ്പിലാക്കിയിട്ടില്ലാത്തവ ഏതൊക്കെയായിരുന്നു : വിശദമാക്കാമോ : | (എ) & (ബി) | ഒരു വർഷ കർമ്മപദ്ധതിയുടെ ഭാഗമായി മൊത്തം 664 പദ്ധതികളാണ് ഏഴിനങ്ങളിലായി പ്രഖ്യാപിച്ചത്. ഇതിൽ 374 എണ്ണം പൂർണ്ണമായി നടപ്പാക്കാനായി. 235 എണ്ണം നടപ്പാക്കിവരുന്നു. 91.71% നേട്ടം കൈവരിക്കാൻ സാധിച്ചു.<br>ഒരു വർഷ കർമ്മപദ്ധതിയുടെ സമ്പൂർണ്ണ വിവരങ്ങളടങ്ങുന്ന പ്രോഗ്രസ് റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കർമ്മ പരിപാടിയുടെ ഭാഗമായി പ്രഖ്യാപിച്ച പ്രധാന പദ്ധതികൾ ഓരോന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും പ്രവർത്തനം ആരംഭിച്ചവ ഏതൊക്കെയെന്നും വെളിപ്പെടുത്തുമോ : | | |
| (സി) | ഒരു വർഷം പിന്നിട്ട സാഹചര്യത്തിൽ വീണ്ടും ഒരു വർഷ കർമ്മ പരിപാടി പ്രഖ്യാപനം നടത്താനുദ്ദേശിക്കുന്നുണ്ടോ : വീണ്ടും പ്രഖ്യാപനങ്ങൾ നടത്തുന്നതിനു മുമ്പ് പ്രഖ്യാപിച്ച പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാമോ ? | (സി) | വിഷൻ 2030 തയ്യാറാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**